**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2163** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം മണ്ഡലത്തിലെ അംഗൻവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഇരവിപുരം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഉള്ളതും ഇല്ലാത്തതുമായ അംഗൻവാടികളുടെ വിവരം തരംതിരിച്ച് ലഭ്യമാക്കാമോ; | (എ) | ഇരവിപുരം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഉള്ള 96അങ്കണവാടികളും സ്വന്തമായി കെട്ടിടം ഇല്ലാത്ത 107 അങ്കണവാടികളും പ്രവർത്തിച്ച വരുന്നു. |
| (ബി) | ഈ മണ്ഡലത്തിലെ സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിയുവാൻ മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഫണ്ടുകളുടെ വിവരം വിശദമാക്കാമോ; ഇപ്രകാരം ഫണ്ട് അനുവദിച്ചിട്ടും കെട്ടിട നിർമ്മാണം തുടങ്ങാത്ത അംഗൻവാടികളുടെ പേര് വിവരങ്ങൾ വിശദമാക്കാമോ; | (ബി) | ഇരവിപുരം നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് നൽകിയ ഫണ്ടുകളുടെ വിവരവും നിർമ്മാണം ആരംഭിക്കാത്ത അങ്കണവാടികളുടെ വിവരവും അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത മുഖത്തല ഐസിഡിഎസ്സിലെ മയ്യനാട് പഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ 1, 40 എന്നീ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും ആരും ടെണ്ടർ എടുക്കാത്തതിനാൽ പ്രോജക്ട് റിവൈസ് ചെയ്ത് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ഐസിഡിഎസ് പ്രോജക്ടിന്റെ പേര് | കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ച ഏജൻസി/വകുപ്പ് | അനുവദിച്ച തുക | നിർമ്മാണം ആരംഭിക്കാത്ത അങ്കണവാടികളുടെ പേര് വിവരം |
|---|---|---|---|
| കൊല്ലം അർബൻ 2 | കൊല്ലം കോർപ്പറേഷൻ പ്ലാൻ ഫണ്ട് | 3,16,00,000/- | മയ്യനാട് പഞ്ചായത്തിലെ അങ്കണവാടി സെന്റർ നം. 1, സെന്റർ നം. 40 |
| മുഖത്തല | MLA ഫണ്ട് | 35,00,000/- | |
| | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 3,30,000/- | |
| | പഞ്ചായത്ത് പ്ലാൻ ഫണ്ട് | 20,00,000/- | |
| | എംജിഎൻആർഇജിഎസ്സ് വനിത ശിശു വികസന വകുപ്പ്, പഞ്ചായത്ത് | 12,00,000/- | |
| | വനിത ശിശു വികസന വകുപ്പ്, പഞ്ചായത്ത് | 54,00,000/- | |
| | ആകെ | 4,40,30,000/- | |

Section Officer